## പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ പൂർണ്ണ അധിക ചുമതലയുള്ള അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ നടപടി ക്രമം (ഹാജർ - എം ആർ രോഹിണി )

വിഷയം :- പൊ. വി - എയ്ഡഡ് - സംരക്ഷിത അദ്ധ്യാപകർ പുനർ വിന്യസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം -
1) ജി ഓ (പി) 29/2016/ പൊ. വി വ തിയതി 29/1/16
2) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കത്ത് നം എച്ച് 2 / 91055/ 16 തിയതി 12/1/17
3) ജി ഓ (എം എസ്) നം 209/16 പൊ. വി തിയതി 26/12/16
4) പ്രധാന അദ്ധ്യാപകർ / സംരക്ഷിത അദ്ധ്യാപകർ / ബന്ധപ്പെട്ട എ ഇ ഒ / ഡിഇ ഒ മാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ

### ഉത്തരവ് നം. ബി 3/ 6213/16 തിയതി 05/04/2017

പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംരക്ഷിതാദ്ധ്യാപകരെ പുന: വിന്യസിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർക്കാർ നിർദ്ദേശം നടപ്പിലാക്കികൊണ്ട് സംരക്ഷിത അദ്ധ്യാപക / അനദ്ധ്യാപക ജീവനക്കാരെ ഒഴിവുകൾ ലഭ്യമായ സർക്കാർ വിദ്യാലയങ്ങളിലേക്കും / ഓഫീസുകളിലേക്കും, എയിഡഡ് വിദ്യാലയങ്ങളിലേക്കും ഈ കാര്യാലയത്തിൽ നിന്നും വിവിധ ഉത്തരവുകളിലൂടെ പുന: വിന്യസിച്ചിരുന്നു.

പരാമർശം (2) കത്ത് പ്രകാരം ബി ആർ സി കളിൽ സി ആർ സി മാരായി സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകരേയും ഗവ. വിദ്യാലയങ്ങളിൽ സംരക്ഷിതാദ്ധ്യാപകരായി സേവനമനുഷ്ഠിക്കുന്നവരേയും, മാതൃവിദ്യാലയത്തിൽ 2016-17 വർഷത്തിൽ ഒഴിവുകൾ ലഭ്യമാണെങ്കിൽ, ടി ഒഴിവുകളിലേക്ക് തിരിച്ച് വിളിക്കാൻ നിർദ്ദേശിച്ചിരുന്നു.

പരാമർശം (3) ഉത്തരവ് പ്രകാരം ഭാഷാദ്ധ്യാപകർക്ക് നിലനിൽക്കാൻ നിർദ്ദിഷ്ഠ എണ്ണം കുട്ടികളുണ്ടെങ്കിൽ മാതൃവിദ്യാലയത്തിലേക്ക് തിരിച്ച് വിളിക്കാനും , നില നിർത്താനും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകളുടേയും , പൊതു വിദ്യാഭ്യാസ ഡയറക്ടർ തിരുവനന്തപുരത്തിന്റെ കത്തുകളുടേയും വെളിച്ചത്തിൽ സംരക്ഷിതാദ്ധ്യാപകരിൽ നിന്നും ലഭിച്ച സമർപ്പണങ്ങളുടേയും ആയതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ / ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരിൽ നിന്ന് ലഭിച്ച റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം സംരക്ഷിതാദ്ധ്യാപകരെ ഒഴിവുകൾ ലഭ്യമായ വിദ്യാലയങ്ങളിലേക്ക് പുന : വിന്യസിച്ച് കൊണ്ടും, മാതൃവിദ്യാലയങ്ങളിലേക്ക് തിരിച്ച് വിളിക്കാൻ കഴിയുന്നവരെ അപ്രകാരം തിരിച്ച് വിളിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സേവനത്തിൽ തിരികെ പ്രവേശിക്കുന്നതിന് കാലതാമസം നേരിട്ടവർ ടി കാലയളവ് ലഭ്യമായ അവധിയായി കണക്കാക്കി അവധി അനുവദിച്ച് തരേണ്ട അധികാരി മുമ്പാകെ അവധിയപേക്ഷ സമർപ്പിച്ച് ആയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ആവശ്യമായത്, സേവന പുസ്തകത്തിൽ വരുത്തേണ്ടതുമാണ്. ലീവ് അപേക്ഷ സമർപ്പിക്കുന്നതിനൊപ്പം ടിയാനെ / ടിയാരിയെ വിടുതൽ ചെയ്ത ഉത്തരവിന്റേയും, സേവനത്തിൽ പ്രവേശിച്ച റിപ്പോർട്ടിന്റേയും പകർപ്പ് ലീവ് അനുവദിക്കുന്ന അധികാരി മുമ്പാകെ ഹാജരാക്കേണ്ടതാണ്. ഗവ. സ്കൂളുകളിലേക്ക് പുന: വിന്യസിക്കപ്പെട്ടവരുടെ നിയമനം ടി തസ്തികയിലേക്ക് സ്ഥലം മാറ്റം മുഖാന്തിരമോ, പുതിയ നിയമനം മുഖാന്തിരമോ അദ്ധ്യാപകർ സേവനത്തിൽ പ്രവേശിക്കുന്നതുവരേയോ, അവധി ഒഴിവിൽ നിയമിക്കപ്പെട്ടവരുടെ നിയമനം അവധി അവസാനിക്കുന്നതുവരെ താത്കാലികമായി മാത്രമായിരിക്കും.

| ക്രമ നം | അദ്ധ്യാപികയുടെ പേരും തസ്തികയും | നിലവിൽ ജോലി ചെയ്യുന്ന വിദ്യാലയം | പുനർ വിന്യാസിക്കുന്ന വിദ്യാലയം |
|---|---|---|---|
| 1 | പി രജനി,<br>ലെഗസി എ യു പി എസ്<br>തച്ചനാട്ടുകര | ലെഗസി എ യു പി എസ് തച്ചനാട്ടുകര | ലെഗസി എ യു പി എസ്<br>തച്ചനാട്ടുകര<br>(മാതൃവിദ്യാലയം) |
| 2 | വി രുഗ്മിണി<br>ലെഗസി എ യു പി എസ്<br>തച്ചനാട്ടുകര | BRC മണ്ണാർക്കാട് | ലെഗസി എ യു പി എസ്<br>തച്ചനാട്ടുകര<br>(മാതൃവിദ്യാലയം) |
| 3 | മിനി എ, യു പി എസ് എ<br>AUPS ആര്യൻചിറ | LWA (24/6/15 - 6/4/17) | BRC ഒറ്റപ്പാലം, (GHS<br>ഒറ്റപ്പാലം ഈസ്റ്റ് ക്ലസ്റ്റർ) |
| 4 | രാജി എം, യു പി എസ് എ.<br>യുണിറ്റി AUPS തെങ്കര | GUPS തെങ്കര | GMLPS തെങ്കര<br>(പഞ്ചായത്ത് ഇംപ്ലിമെന്റിംഗ്<br>ഓഫീസറുടെ ഒഴിവ്) |
| 5 | നിഷ എൻ,<br>എൽ പി എസ് എ<br>ALPS നെന്മേനി | GLPS പെരുവെമ്പ | GLPS പുതുനഗരം വെസ്റ്റ്<br>(പഞ്ചായത്ത് ഇംപ്ലിമെന്റിംഗ്<br>ഓഫീസറുടെ ഒഴിവ്) |
| 6 | ഹൈദരലി എൻ<br>LG ഉറുദു<br>NTUPS പാലക്കാട് | BRC പട്ടാമ്പി<br>കുലുക്കല്ലൂർ ക്ലസ്റ്റർ | BRC പട്ടാമ്പി<br>ചെമ്പ്ര ക്ലസ്റ്റർ |
| 7 | ശ്രീജ പി,<br>എൽ പി എസ് എ<br>AJBS ആണ്ടിമഠം | ശബരി എച്ച് എസ് പള്ളിക്കുറുപ്പ് | GUPS കടമ്പഴിപ്പുറം<br>(പഞ്ചായത്ത് ഇംപ്ലിമെന്റിംഗ്<br>ഓഫീസറുടെ ഒഴിവ്) |
| 8 | M G സതീഷ്കുമാർ<br>L G ഹിന്ദി<br>SJHS പുതുക്കോട് | GUPS വട്ടേക്കാട് | SJHS പുതുക്കോട്<br>(മാതൃവിദ്യാലയം) |
| 9 | O M സെൽമ<br>LG അറബി<br>SJHS പുതുക്കോട് | GGHS ആലത്തൂർ | SJHS പുതുക്കോട്<br>(മാതൃവിദ്യാലയം) |

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
(വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ
പൂർണ്ണ അധിക ചുമതല)
പാലക്കാട്

സ്വീകർത്താവ്
ബന്ധപ്പെട്ട അദ്ധ്യാപകർ

പകർപ്പ്
1. ബന്ധപ്പെട്ട പ്രധാന അദ്ധ്യാപകർ
2. ബന്ധപ്പെട്ട AEO / DEO മാർ
3. ഫയൽ
4. കരുതൽ ഫയൽ
5. വെബ്സൈറ്റ്

ഡി.പി 5/4.7